(എ) പി. ഡബ്ല്യൂ.ഡി. ക്വാർട്ടേഴ്സുകളുടെ കോംപൗണ്ടിലുള്ള ഫല വൃക്ഷങ്ങളുടെ കായ്ഫലങ്ങൾ ലേലം ചെയ്യുകയാണോ അവിടെ താമസിക്കു ന്നവർ ഉപയോഗിക്കാനനുവദിക്കുകയാണോ ചെയ്യുന്നത് എന്ന് അറിയി ക്കുമോ;

(ബി) ലേലം ചെയ്യുകയാണെങ്കിൽ അവയുടെ ലേലത്തുക എന്തുചെ യ്യുന്നു എന്ന് അറിയിക്കുമോ;

(സി) ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്;

(ഡി) അതിനുള്ള അപേക്ഷ ഫോറം എവിടെ നിന്നുമാണ് വിത രണം ചെയ്യുന്നത്;

(ഇ) അപേക്ഷകൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളേണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) ലേലം ചെയ്തു കൊടുക്കുകയാണ് ചെയ്യുന്നത്.

(ബി) ലേലം തുക സർക്കാരിന്റെ റവന്യൂ അക്കൗണ്ടിൽ അടയ്ക്കുക യാണ് ചെയ്യുന്നത്.

(സി) ജില്ലാ കളക്ടർക്ക്.

(ഡി) ജില്ലാ കളക്ടറേറ്റിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്.

(ഇ) ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ചട്ടങ്ങളിലെ അനുബന്ധം 2- ലുള്ള അപേക്ഷപൂരിപ്പിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ മേലൊപ്പോടുകൂടി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ രജി സ്റ്റർ ചെയ്ത് മേൽ നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്.

113 (2491) ആധാരം എഴുത്തുകാരുടെ പ്രശ്നങ്ങൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആധാരം എഴുത്തുകാർ നൽകിയിട്ടുള്ള നിവേ ദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ ചെയ്യാൻ കഴിയാതെവരുന്ന ആധാരമെഴുത്തുകാർക്ക് പെൻഷൻ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) മൂന്നു വർഷം കൂടുമ്പോൾ പുതുക്കേണ്ടതായ എഴുത്തു ഫീസ് പുതുക്കി നിശ്ചയിക്കുമോ;

(ഡി) കൂടുതൽ തൊഴിൽ അവസരം ഉണ്ടാക്കുന്നതിനുവേണ്ടി പെൻഷൻകാർക്ക് ലൈസൻസ് നൽകുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം ഉദ്ദേശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) എഴുത്തു ഫീസ് പുതുക്കി നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്

(ഡി) 1960-ലെ ആധാരമെഴുത്ത് ലൈസൻസ് ചട്ടം 5(എ)(1) പ്രകാരമാണ് പെൻഷൻകാർക്ക് ലൈസൻസ് നൽകുന്നത്. ആയതിനാൽ തൽക്കാലം പരിഗണിക്കാൻ നിർവാഹമില്ല.

114 (2492) വില കുറച്ചുകാണിച്ച് ആധാരം ചെയ്ത ഭൂമി

ശ്രീ ഇ.എം. ആഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു ആധാരം രജിസ്റ്റർചെയ്തിട്ടുള്ള ആൾക്കാർക്ക് സ്റ്റാമ്പ്ഡ്യൂട്ടിയും രജിസ്ട്രേഷൻ തുകയും വീണ്ടും കൂടുതലായി അടയ്ക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് അയയ്ക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ.

(ബി) എങ്കിൽ ഇത്തരത്തിൽ നിർദ്ദേശം നൽകിയതിനുള്ള കാരണം എന്തെന്ന് വിശദീകരിക്കുമോ;

(സി) എന്നുമുതൽ രജിസ്റ്റർചെയ്തിട്ടുള്ള ആധാരങ്ങൾക്കാണ് അധികമായി തുക ഈടാക്കുന്നത്; ഏതെല്ലാം രീതിയിലുള്ള ആധാരങ്ങൾക്കാണ് വീണ്ടും തുക അടയ്ക്കുവാൻ നോട്ടീസ് അയയ്ക്കുന്നതെന്ന് വിശദീകരിക്കുമോ.

(ഡി) ഇഷ്ടദാനം നല്കിക്കൊണ്ട് 1998-99 കാലങ്ങളിൽ രജിസ്റ്റർചെയ്തിട്ടുള്ള ആധാരങ്ങൾക്കും അധികം തുക നൽകേണ്ടതുണ്ടോ;

(ഇ) ഇഷ്ടദാന ആധാരങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉദ്ദേശവിലയ്ക്കുള്ള മുദ്രപത്രവും ഫീസും അടയ്ക്കേണ്ടതുണ്ടോ;

(എഫ്) അധികം തുക ഈടാക്കണമെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ. എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഇഷ്ടദാനം നൽകുന്ന വസ്തുവിന് വീണ്ടും തുക ഈടാക്കാൻ നോട്ടീസ് നല്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ ഇത്തരത്തിൽ നോട്ടീസ് നല്കുന്ന ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(എച്ച്) വസ്തു ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ തുക കുറച്ച് കാണിച്ചിട്ടുള്ളവർക്ക് വീണ്ടും ഈടാക്കാനുള്ള തുകയിൽ ജില്ലാ അധികാരികൾ കുറവു വരുത്തുന്നതിനെ സംബന്ധിച്ച് സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) 1959-ലെ കേരള മുദ്രപ്പത്ര നിയമം സെക്ഷൻ 45 ബി (1)(2) വകുപ്പുകൾ പ്രകാരം വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളെ സംബന്ധിച്ച് സബ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി നിയമം 45(ബി) (3) പ്രകാരം Suomotu ആയും കുറവുള്ള മുദ്രസലയും ഫീസും ഈടാക്കുവാൻ ജില്ലാരജിസ്ട്രാർമാർക്ക് അധികാരമുണ്ട്. ഈ അധികാരമുപയോഗിച്ച് വില കുറച്ചുകാണിക്കുന്ന ആധാരങ്ങളിൽനിന്നും കുറച്ചു മുദ്രസലയും രജിസ്ട്രേഷൻ ഫീസും ഈടാക്കുവാൻ ജില്ല രജിസ്ട്രാർമാർ നോട്ടീസുകൾ അയയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly